(സി) ഹൈക്കോടതി ഉത്തരവിനു വിരുദ്ധമായി ശ്മശാനത്തിലൂടെ ജലസേചനത്തിനായി പൈപ്പിട്ട വിവരം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ എന്തു നടപടി സ്വീകരിച്ചു;

(ഇ) യഹൂദ സ്മാരകങ്ങൾക്കെതിരെ കടന്നാക്രമണം നടത്തിയവരുടെ പേരിൽ എന്തെല്ലാം ശിക്ഷാ നടപടികളാണ് കൈക്കൊണ്ടത്?

ഉത്തരം

(എ) സിനഗോഗും ശ്മശാനവും കേടുകൂടാതെ മാള പഞ്ചായത്ത് മതിൽകെട്ടി സംരക്ഷിച്ചുകൊള്ളാമെന്നും കുഴിക്കുകയോ മണ്ണുമാറ്റുകയോ ചെയ്യരുതെന്നും വ്യവസ്ഥ ചെയ്തിരുന്നു.

(ബി) ശ്മശാനം കളിസ്ഥലം ആക്കാൻ പാടില്ല എന്നും സിനഗോഗ് കമ്മ്യൂണിറ്റി ഹാൾ ആക്കാൻ പാടില്ല എന്നുമാണ് കോടതി വിധി.

(സി) പഞ്ചായത്തുമായുള്ള കരാർ നിലവിൽ വരുന്നതിനുമുമ്പ് തന്നെ ശ്മശാനത്തിന്റെ ഒരു ഭാഗം കളിസ്ഥലമായി യഹൂദൻമാർ ഉപയോഗിച്ചിരുന്നു. ഈ കളിസ്ഥലത്ത് ജലസേചനത്തിനായി പൈപ്പ്‌ലൈൻ സ്ഥാപിച്ചതായി പഞ്ചായത്തിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

(ഡി) ഇക്കാര്യത്തിൽ പോലീസിൽ പരാതി നൽകുകയും പോലീസ് കേസ് രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്.

(ഇ) സ്മാരകങ്ങൾ കയ്യേറിയതായി ശ്രദ്ധയിൽ പെട്ടിട്ടില്ല. മതിലുകളുടെ ചിലഭാഗം കാലപ്പഴക്കം കാരണം പൊളിഞ്ഞത് പഞ്ചായത്ത് പുനരുദ്ധാരണം നടത്തി ശരിയാക്കിയിട്ടുണ്ട്.

കടൽത്തീരത്തുള്ള നിർമ്മാണ പ്രവൃത്തികൾ

43 [1612] ശ്രീ. കെ. കെ. അബു:
,, എം. ജെ. സക്കറിയ:
,, ചെർക്കളം അബ്ദുള്ള:
,, എ. വി. അബ്ദുറഹിമാൻ ഹാജി:
,, കെ. കുട്ടി അഹമ്മദ്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടൽത്തീരത്തുള്ള നിർമ്മാണ പ്രവൃത്തികൾ കടലോരത്തിൽ നിന്ന് നിശ്ചിത മീറ്റർ അകലെ മാത്രമേ ആകാവൂ എന്ന നിബന്ധന നിലവിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ കടലോരത്തിൽനിന്ന് എത്ര മീറ്റർ അകലെയാണ് നിർമ്മാണം അനുവദനീയമായിട്ടുള്ളത്;

(സി) ഈ നിയമം എന്നാണ് നിലവിൽ വന്നത്;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) നിശ്ചിത മീറ്ററിനുള്ളിൽ നടത്തിയിട്ടുള്ള നിർമ്മാണ പ്രവർത്തനങ്ങളുടെ കാര്യത്തിൽ എന്തു നടപടി സ്വീകരിക്കുവാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ, 1991 ഫെബ്രുവരി 19-ാം തീയതിയിലെ വിജ്ഞാപനം അനുസരിച്ച് കടലോരപ്രദേശങ്ങളെ മൂന്നായി തരംതിരിച്ചിരിക്കുന്നു (നാലാമത്തെ വിഭാഗം ആൻഡമാൻ, ലക്ഷദ്വീപ് എന്നീ പ്രദേശങ്ങളാണ്). ഈ പ്രദേശങ്ങളെ കോസ്റ്റൽ റെഗുലേഷൻ സോൺ (സി. ആർ. ഇസഡ്.) എന്നു നാമകരണം ചെയ്തിരിക്കുന്നു.

കടലിനോട് ചേർന്ന് സ്ഥിതി ചെയ്യുന്ന ഭംഗിയേറിയ സ്ഥലങ്ങൾ, കാട്, വന്യമൃഗ സങ്കേതങ്ങൾ, ചതുപ്പ് നിലങ്ങൾ, നാഷണൽ പാർക്ക്, മറൈൻ പാർക്ക് എന്നിവ സി. ആർ. ഇസഡ്. I ആയി കണക്കാക്കുന്നു. ഈ പ്രദേശങ്ങളിൽ കടലോരത്തിൽനിന്ന് 500 മീറ്റർ അകലെ മാത്രമേ നിർമ്മാണം അനുവദിക്കുകയുള്ളൂ.

നഗരങ്ങൾക്കുള്ളിലെ, ധാരാളം കെട്ടിടങ്ങൾ സ്ഥിതി ചെയ്യുന്നതും റോഡ്, ഡ്രയിനേജ് എന്നീ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമായതുമായ വികസിത പ്രദേശങ്ങളെ സി. ആർ. ഇസഡ്. II ആയി കണക്കാക്കുന്നു. ഈ പ്രദേശങ്ങളിൽ ഇപ്പോൾ നിലവിലുള്ള റോഡിന്റെ ഇരുവശത്തും നിലവിലുള്ള കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കും നഗരാസൂത്രണ നിയന്ത്രണങ്ങൾക്കും അനുസൃതമായി കെട്ടിട നിർമ്മാണം അനുവദനീയമാണ്. എന്നാൽ ടി റോഡിന്റെ കടലിനോട് ചേർന്ന ഭാഗങ്ങളിൽ നിർമ്മാണം അനുവദനീയമല്ല.

പട്ടണങ്ങളിലേയും ഗ്രാമപ്രദേശങ്ങളിലെയും അവികസിതമായ കടലോര പ്രദേശങ്ങളെ സി. ആർ. ഇസഡ്.III ആയി കണക്കാക്കുന്നു. ഈ പ്രദേശങ്ങളിൽ കടലോരത്തുനിന്ന് 200 മീറ്ററിനുള്ളിൽ ഒരു നിർമ്മാണവും അനുവദനീയമല്ല. 200 മീറ്ററിനും 500 മീറ്ററിനും ഇടയ്ക്കുള്ള പ്രദേശത്ത് കേന്ദ്രസർക്കാരിന്റെ അംഗീകാരത്തിനും ചില നിയന്ത്രണങ്ങൾക്കും വിധേയമായി നിർമ്മാണ പ്രവർത്തനങ്ങൾ അനുവദിക്കാവുന്നതാണ്.

(സി) 1991 ഫെബ്രുവരി 19-ാം തീയതി മുതൽ ഈ നിയമം നിലവിൽ വന്നു.

(ഡി) കടലോരപ്രദേശങ്ങളിലെ പുതിയ നിർമ്മാണ പ്രവർത്തനങ്ങൾ കേന്ദ്ര സർക്കാർ വിജ്ഞാപനം അനുസരിച്ചു മാത്രമേ അനുവദിക്കുവാൻ സാധിക്കുകയുള്ളൂ. നഗരസഭകൾക്കും പഞ്ചായത്തുകൾക്കും ഇതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly